بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 07.03.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*07.03.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

ഏകദേശം മൂന്നാഴ്ച മുമ്പേ അഹ്മദിയ്യ ജമാഅത്ത് യു. കെ, ബ്രിട്ടണിൽ അതിന് നൂറുവർഷം തികഞ്ഞതിന്റെ ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ വിവിധ മതങ്ങളുടെ പണ്ഡിതന്മാരേയും പ്രതിനിധികളേയും അവരവരുടെ വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ കുറിച്ചും മതത്തെ കുറിച്ചുമുള്ള അധ്യാപനങ്ങൾ സമർപിക്കുന്നതിനുവേണ്ടി ക്ഷണിച്ചിരുന്നു. 21-ാം നൂറ്റാണ്ടിൽ ദൈവത്തിന്റെ പങ്കെന്ത്? ദൈവത്തിന്റെ ആവശ്യകത എന്ത്? എന്നതായിരുന്നു വിഷയം. ഇതിൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യം ഉണ്ടാകണമായിരുന്നു. അത് അഹ്മദിയ്യ ജമാഅത്തു തന്നെ വഹിക്കണമായിരുന്നു. ഇതിനു പുറമെ യഹൂദി, ക്രിസ്ത്യാനി, ബുദ്ധമതം, ദറൂസിമതം, ഹിന്ദുമതം, തുടങ്ങിയവരുടെ പ്രാതിനിധ്യവുമുണ്ടായിരുന്നു. അവർ തങ്ങളുടെ വിശ്വാസാദർശങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. സർതിശ്തികളുടേയും സിക്കുകാരുടേയും ബഹായികളുടേയും പ്രതിനിധികളും പങ്കെടുത്തിരുന്നു.

ഇതിനു പുറമെ ചില രാഷ്ട്രീയപ്രവർത്തകർക്കും മനുഷ്യാവകാശ കമ്മീഷന്റെ പ്രതിനിധികൾക്കും തങ്ങളുടെ ചിന്താഗതികൾ വിവരിക്കാൻ അവസരം നല്കിയിരുന്നു. ഈ പരിപാടി ഇവിടെത്തെ വളരെ പുരാതനവും പരമ്പരാഗതവുമായ ഗിൽഡ്ഹാൾ ഹാളിലാണ് സംഘടിപ്പിച്ചത്. ഈ പരിപാടിയെ കുറിച്ച് ചിലത് പറയാനാണ് ഞാനുദ്ദേശിക്കുന്നത്. ഖുത്ബകൾ എന്തായാലും ആളുകൾ കേൾക്കുന്നുണ്ട്. അതുകൊണ്ട് വിശദമായിട്ട് ആവർത്തിക്കേണ്ട ആവശ്യമില്ല. പക്ഷേ, എം.ടി.എ യിൽ പരിപാടി സംപ്രേഷണം ചെയ്യുമ്പോൾ അത് അഹ്മദികൾ കാണേണ്ടതാണ്. വളരെ നല്ല പരിപാടിയായിരുന്നു അത്.

ഒരു ഹിന്ദു കൗൺസലിന്റെ ചെയർമാൻ ഉമേഷ് ചന്ദർ ശർമ സാഹിബ് പറയുന്നു: "ഇന്നത്തെ വിഷയം വളരെ മനോഹരമാണ്. ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ അസ്തിത്വം ഉണ്ടെന്ന കാര്യത്തിൽ നമ്മളെല്ലാം ഏകാഭിപ്രായക്കാരാണെന്ന് ഇത് സ്ഥാപിക്കുന്നു. രണ്ടാമത്തെ വ്യക്തമായ കാര്യം രാഷ്ട്രീയ നേതാക്കന്മാർക്കോ മറ്റു ഭൗതികസംഘടനകൾക്കോ സമാധാനം സ്ഥാപിക്കാനുള്ള ശ്രമത്തിൽ വിജയിക്കാൻ കഴിയുകയില്ല എന്നതാണ്. നാലുഭാഗത്തും കലഹങ്ങളും കുഴപ്പങ്ങളും നടമാടുന്നു. രാഷ്ട്രീയക്കാരിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മനുഷ്യരുടെ ഉന്നമനത്തിനായി വീണ്ടും മതത്തിലേക്ക് തിരിയാനുള്ള സമയം ഇപ്പോൾ എത്തിയിരിക്കുന്നുവെന്ന് ഞാൻ കരുതുന്നു."

പിന്നീട് ദലൈലാമയുടേയും ബുദ്ധമതനേതാവിന്റേയും സന്ദേശം അവരുടെ പ്രതിനിധി എന്ന നിലയിൽ അദ്ദേഹം വായിച്ചു. അദ്ദേഹം പറയുന്നു: "അഹ്മദിയ്യ ജമാഅത്ത് ബ്രിട്ടൺ 2014 ഫെബ്രുവരി 11 ന് സർവമത സമ്മേളനം നടത്താൻ ധൈര്യം കാണിച്ചതിന് ഞാൻ അവരെ അനുമോദിക്കുകയാണ്. ഇത്തരം സമ്മേളനങ്ങൾ കൊണ്ട് ദൂരവ്യാപകമായ നേട്ടങ്ങൾ ഉണ്ടാകുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു."

പിന്നീട് ദറൂസി കമ്മ്യൂണിറ്റിയുടെ നേതാവ് ശേയ്ഖ് മുവഫ്ഫിഖ് സാഹിബ് പറയുന്നു: "ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചതിന് ഞാൻ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന് നന്ദി പറഞ്ഞുകൊള്ളുന്നു. ബ്രിട്ടണിൽ അഹ്മദിയ്യ ജമാഅത്തിന് 100 വർഷം തികയുന്ന ഈ സന്തോഷാവസരത്തിൽ സംഘടിപ്പിക്കുന്ന ഈ ഗംഭീരമായ സമ്മേളനത്തിന് ഞാൻ ആശംസകൾ നേരുന്നു. ഞങ്ങളുടെ ദറോസ് കമ്മിറ്റിയ്ക്ക്, വിശുദ്ധ ഭൂമിയിൽ (ഫലസ്തീൻ) അഹ്മദിയ്യ ജമാഅത്തുമായിട്ട് വലിയ സുഹൃത്ബന്ധമാണുള്ളത്. നിങ്ങളിൽ നിന്ന് ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയതിൽ വളരെ സന്തോഷമുണ്ട്. വരിക, നമ്മളെല്ലാം ഒത്തുചേർന്ന് അക്രമങ്ങളേയും ദ്രോഹങ്ങളേയും അപലപിക്കാം. സ്നേഹത്തിന്റെ വിത്ത് വിതയ്ക്കാം. അതുമുഖേന പൗരസ്ത്യ ദേശത്ത് മാത്രമല്ല, ലോകം മുഴുവൻ സ്നേഹത്തിന്റെ അരുവികൾ പൊട്ടിയൊഴുകട്ടെ."

പിന്നീട് കാത്തലിക് ചർച്ചിന്റെ ബിഷപ്പ് കേമൻ മാക്ഡോണൽഡ് പറഞ്ഞു: "കത്തോലിക്ക ചർച്ചിന്റെ പ്രതിനിധി എന്ന നിലയിൽ ഈ സർവമത സമ്മേളത്തിൽ പങ്കെടുത്ത് എനിക്ക് എന്റെ പ്രസംഗം അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇക്കാലത്ത് അത്തരം സമ്മേളനങ്ങൾ ലോകത്തിന് അത്യാവശ്യമാണ്." പിന്നീട് അദ്ദേഹം പോപിന്റെ കാബിനറ്റ് പ്രസിഡന്റ് ആഫ് കാബിനറ്റ് ജനാബ് കാർഡിനൽ പീറ്റർ ടക്സന്റെ സന്ദേശം വായിച്ചു കേൾപിച്ചു. ചില രാഷ്ട്രീയ നേതാക്കളുടേയും സന്ദേശങ്ങളും പ്രസംഗങ്ങളും കേൾപിക്കുകയുണ്ടായി.

ഘാനപ്രസിഡന്റിന്റെ സന്ദേശം അദ്ദേഹത്തിന്റെ ഹൈകമ്മീഷണർ വായിച്ചു കേൾപിച്ചു. പിന്നെ ഇവിടെത്തെ ബേരോണിസ് (ബ്രിട്ടൺ പ്രഭുക്കന്മാരിൽ താഴത്തെ പദവിയുളളയാൾ) സഈദ വാഴ്സി സാഹിബയും വന്നിരുന്നു. അവർ പറഞ്ഞു: "ഇന്ന് ഈ മഹത്തായ ഹാളിൽ നക്കുന്ന സർവമത സമ്മേളനത്തിൽ പങ്കെടുക്കാൻ ഒത്തുചേർന്നിരിക്കുന്ന ആദരണീയരായ അതിഥികളുടെ മുമ്പിൽ എന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക എന്നത് എനിക്കൊരു ബഹുമതിയാണ്. സ്വന്തം വിശ്വാസാദർശങ്ങൾ മാത്രം വിവരിക്കുന്നതിനു പകരം എല്ലാ മതപ്രതിനിധികളേയും പങ്കെടുപ്പിച്ചു

കൊണ്ട് അവരവരുടെ മത വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന് ആഗോളതലത്തിൽ ഒരു സമ്മേളനവേദി ഒരുക്കിയിരിക്കുന്നുവെന്നത് അഹ്മദിയ്യ ജമാഅത്തിന്റെ വിശാലമായ സഹിഷ്ണുതയേയും വിശാലമനസ്കതയേയും വിശാലവീക്ഷണങ്ങളേയുമാണ് കാണിക്കുന്നത്. ഞങ്ങൾക്ക് ബ്രിട്ടണിലെ അങ്ങുമുതൽ ഇങ്ങുവരെ, മനുഷ്യത്വത്തിന്റെ അടിത്തറയിൽ മാത്രം അഹ്മദിയ്യ ജമാഅത്ത് സംഘടിപ്പിച്ചിരിക്കുന്ന വിജയകരമായ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ കാണാൻ കഴിയുന്നുണ്ട്." വീണ്ടും പറയുന്നു: "വിജയകരമായ ഈ സമ്മേളനം കൊണ്ട് ലോകം മുഴുവനുള്ള മതങ്ങൾ ഒരുമിച്ചിരുന്ന് ആഗോളമത സാഹോദര്യ ബന്ധത്തിലേക്ക് ചുവടുവെക്കാൻ തങ്ങൾ തയ്യാറാണെന്ന് സ്ഥാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ അവസരം കിട്ടിയത് എനിക്ക് വളരെ വലിയ ബഹുമതിയാണ്."

അമേരിക്കയിലെ കമ്മീഷൻ ഓൺ ഇന്റർനാഷണൽ റിലീജ്യസ് ഫ്രീഡമിന്റെ വൈസ് ചെയർമാനാണ് ഡോക്ടർ കേറ്റ റീന. ജമാഅത്തുമായിട്ട് അവർക്ക് വളരെ വലിയ ബന്ധമാണുള്ളത്. അവർ പറയുന്നു: "ഇന്ന് നിങ്ങളോടൊപ്പം പങ്കുചേരാനുള്ള അവസരം എനിക്കു കിട്ടിയിരിക്കുകയാണ്. ഇതിൽ ഞാൻ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ബ്രിട്ടണിലെ നിങ്ങളുടെ ജമാഅത്തിന് 100 വർഷം തികയുന്ന ഈ അവസരത്തിൽ സംഘടിപ്പിച്ചിരിക്കുന്ന പരിപാടിയിൽ ഞാൻ പങ്കെടുക്കുന്നു." പറയുന്നു: "ഇന്നത്തെ ഈ പരിപാടി പരസ്പരമുള്ള സഹിഷ്ണുതയുടേയും മതസ്വാതന്ത്ര്യത്തിന്റേയും ഉന്നതമായ നില തിരിച്ചറിയുന്നതിനു വേണ്ടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഈ സവിശേഷമായ ഗുണങ്ങൾ തന്നെയാണ് നിങ്ങളുടെ ജമാഅത്തിന്റെ അടിസ്ഥാനം."

ബ്രിട്ടൺ പ്രധാനമന്ത്രിയുടെ സന്ദേശം അദ്ദേഹത്തിന്റെ ഇവിടത്തെ അറ്റോർണി ജനറൽ റയ്റ്റ് ഓണറബിൾ ഡാമീംഗ്കരിയോ വായിച്ചു. സന്ദേശമായി അതിനുമുമ്പേ ചില കാര്യങ്ങൾ അദ്ദേഹം പറഞ്ഞു: "ഇന്നത്തെ ഈ സമ്മേളനം തികച്ചും വ്യത്യസ്തമായ സമ്മേളനമാണ്. ഏതെങ്കിലും മതത്തിന്റെ അനുയായിക്ക് നിർമതക്കാരനായ ഒരാളെ അപേക്ഷിച്ച്, മറ്റു മതവിശ്വാസികളുടെ ബോധത്തേയും വികാരത്തേയും നല്ല നിലയിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ് ഇത്തരം സമ്മേളനം എന്നുള്ള കാര്യം ഒരു ക്രിസ്ത്യാനീ എന്ന നിലയിൽ ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്." പിന്നീടു പ്രധാനമന്ത്രിയുടെ സന്ദേശം അദ്ദേഹം വായിച്ചു കേൾപ്പിച്ചു. ലോകത്ത് സമാധാന സംസ്ഥാപനത്തിനായി വിവിധ മതപ്രതിനിധികളെ ഒരു പ്ലാറ്റുഫാമിൽ ഒരുമിച്ചുകൂട്ടിയ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന് ഞാൻ ആശംസകൾ നേരുന്നു. ഇംഗ്ലണ്ടിൽ അഹ്മദിയ്യ ജമാഅത്ത് ചെയ്തുവരുന്ന അതുല്യമായ സൃഷ്ടിസേവനത്തെ ഞാൻ പ്രശംസിക്കുന്നു. നിങ്ങൾ ഒരു ഭാഗത്ത് രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ സർവമതസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. മറുഭാഗത്ത് ഇപ്പോഴുണ്ടായ വെള്ളപൊക്കത്തിൽ ദുരന്തബാധിതരായവരെ സഹായിക്കുകയും ചെയ്യുന്നു." (അതായത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഈ ദുർഘട ഘട്ടത്തിൽ ചെയ്ത സേവനം വളരെ വലുതാണ്.) വീണ്ടും പറയുന്നു: "മതങ്ങളുടെ ഇടയിൽ സന്തോഷഭരിതമായ ബന്ധങ്ങൾ ഉണ്ടാക്കുക എന്ന പ്രശ്നത്തെ എത്രമാത്രം ഗൗരവത്തോടെയാണ് നിങ്ങൾ കാണുന്നതെന്ന് ഇവിടെ സംഘടിപ്പിക്കുന്ന ഈ പരിപാടി സാക്ഷ്യം പറഞ്ഞുകൊണ്ടിരിക്കുന്നു. വിവിധ മതാനുയായികൾ ഒന്നിച്ചിരിക്കുകയും മുഴുവൻ ലോകവും സമാധാനത്തിന്റെ കളിത്തൊട്ടിലായി മാറുകയും ചെയ്യുന്നതിനുള്ള ഈ പ്രവർത്തനം വളരെയേറെ ശ്ലാഘനീയമാണ്. ഈ യോഗത്തിൽ ബ്രിട്ടന്റെ പ്രതിനിധിയും പങ്കെടുക്കുന്നു എന്നതിൽ എനിക്ക് അതിരറ്റ സന്തോഷമുണ്ട്. നമ്മൾ, അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമും മറ്റു മതപ്രതിനിധികളും മറ്റു അതിഥികളും കൂടിച്ചേർന്ന്, വിവിധ മതങ്ങൾക്ക് പരസ്പരം ബന്ധപ്പെട്ട് എങ്ങനെ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് തങ്ങളുടേതായ പങ്കുവഹിക്കാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതാണ്."

പിന്നീട് രാജ്ഞി, അവർ ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പരമോന്നത നേതാവാണ്- അവരുടെ പ്രൈവറ്റ് സെക്രട്ടറി എഴുതി: "ഇംഗ്ലണ്ടിലെ അഹ്മദിയ്യ ജമാഅത്ത് അവരുടെ ശതവാർഷിക പരിപാടിയോടനുബന്ധിച്ച് ഗിൽധാനിൽ സംഘടിപ്പിക്കുന്ന സർവമത സമ്മേളനത്തിന്റെ സന്ദേശവും അതിന്റെ ഉദ്ദേശ്യലക്ഷ്യവും അറിഞ്ഞ് രാജ്ഞി സന്തോഷിക്കുന്നു. സന്ദേശമയക്കാനുള്ള നിങ്ങളുടെ അപേക്ഷ മാനിച്ച് അവർ നന്ദി പ്രകടിപ്പിക്കുന്നു. ഈ സമ്മേളനം വിജയകരവും എന്നെന്നും ഓർമിക്കാൻ തക്കതുമായ ഒന്നായി മാറണമെന്നാണ് രാജ്ഞിയുടെ ആഗ്രഹം."

ഖലീഫത്തുൽ മസീഹ് പറഞ്ഞു: ഇനി ഞാൻ അവിടെ പറഞ്ഞതിന്റെ ചുരുക്കം പറയാനാഗ്രഹിക്കുകയാണ്. മനുഷ്യരുടെ സംസ്കരണം നടക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അവൻ അല്ലാഹുവിനോടുള്ള കടമനിറവേറ്റുന്നവനായി മാറണം. അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവനാകണം. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് അല്ലാഹു പ്രവാചകന്മാരെ ലോകത്ത് അയക്കുന്നത്. പ്രവാചകന്മാരുടെ വാക്കുകൾക്ക് ചെവി കൊടുക്കുന്നവർ വിജയിക്കുന്നു. നിഷേധികൾ ദുർപര്യവസാനത്തിൽ എത്തിച്ചേരുന്നു. അല്ലാഹു നബി(സ)തിരുമേനിയെ മുഴുവൻ ലോകത്തിന്റേയും സംസ്കരണത്തിനായി അയച്ചപ്പോൾ, അതിന്റെ ലഭ്യതയ്ക്കായി അതിനുള്ള പ്രബോധനപ്രവർത്തനം ആ മഹാത്മാവ് പൂർണതയിലെത്തിച്ചു. പ്രബോധനം മാത്രമല്ല ചെയ്തത്. പ്രത്യുത അതിന്റെ ഫലം കരസ്ഥമാക്കുനനതിനുവേണ്ടി, ജനങ്ങളുടെ മനസ്സും നെഞ്ചും തുറക്കുന്നതിനുവേണ്ടി രാത്രികാലങ്ങളിൽ പ്രാർഥനയിൽ മുഴുകി. ആ മഹാത്മാവ് സുജൂദ് ചെയ്ത സ്ഥലം കണ്ണീർകൊണ്ട് നനഞ്ഞു. നബി(സ)തിരുമേനിയുടെ മനസ്സിലുണ്ടായിരുന്ന മനുഷ്യരുടെ പരിഷ്കരണപദ്ധതികളും അവർ നാശത്തിൽനിന്ന് രക്ഷപ്പെടണമെന്ന അതിയായ വാഞ്ചയും വിവരണാതീതമാണ്. നബി(സ)തിരുമേനി തിന്മയിൽ മുഴുകി കിടന്നവരെ മോചിപ്പിച്ച് ധർമബോധമുള്ളവരും അല്ലാഹുവുമായി ബന്ധമുള്ളവരുമാക്കി. ഭൗതിക ശക്തിയ്ക്ക് ചെയ്യാൻ കഴിയുന്നതായിരുന്നില്ല അത്. അത് പ്രാർഥന കേൾക്കുന്നവനും ഹൃദയങ്ങളെ നിയന്ത്രിക്കുന്നവനുമായ അല്ലാഹുവിന്റെ പ്രത്യേക പ്രവർത്തനമായിരുന്നു.

പിന്നീടു ഞാൻ പറഞ്ഞു, ശത്രുക്കളോടുള്ള നബി(സ) തിരുമേനിയുടെ പെരുമാറ്റം മാതൃകാപരമായിരുന്നു. മറ്റൊരു

സ്ഥലത്തും അതിനുദാഹരണം കാണുകയില്ല. മക്കയിൽ നബി(സ)തിരുമേനിയ്ക്കെതിരിലുള്ള ശത്രുത അതിന്റെ ഉച്ചിയിലെത്തിച്ച ശത്രുക്കൾക്ക്, മക്ക വിജയദിവസം ആ മഹാത്മാവ് അവർ ജീവിതത്തിലൊരിക്കലും തന്നോടു ഒന്നും ചെയ്തിട്ടില്ല എന്നു തോന്നുമാറ് മാപ്പു നല്കി. നബി(സ) തിരുമേനി യുദ്ധപ്രിയനായിരുന്നുവെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇക്കാലത്തും അത് പറഞ്ഞു വരുന്നുണ്ട്. ചരിത്ര യാഥാർഥ്യങ്ങളെ കുറിച്ചുള്ള അജ്ഞതയാണ് അതിനു കാരണം. നബി(സ)തിരുമേനി ഒരു യുദ്ധത്തിനും ആരംഭം കുറിച്ചിട്ടില്ല. ഞാനും എന്റെ ജമാഅത്തും വിശ്വസിക്കുന്നത്, അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരുടെ രൂപത്തിൽ ആഗതനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ് മദ് (അ) തന്നെ വിശ്വസിക്കുന്നവരിൽ യഥാർഥ ഇസ്ലാമിന്റെ അധ്യാപനങ്ങൾ നടപ്പിൽ വരുത്തിയെന്നാണ്. അദ്ദേഹം ഒരു ജമാഅത്തിന് രൂപം നല്കി. അത് യഥാർഥ ഇസ്ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിച്ചു വരുന്നു; പ്രവർത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി വന്ന ആ ദിവ്യാത്മാവിനോടൊപ്പം അല്ലാഹുവിന്റെ സഹായമുണ്ട്. അല്ലാഹുവിനെ കുറിച്ചുള്ള കാര്യങ്ങൾ ആ ദിവ്യാത്മാവ് ഞങ്ങൾക്കു പറഞ്ഞു തന്നിട്ടുണ്ട്. അത് പഴങ്കഥകളല്ല. അല്ലാഹു ഇന്നും ജീവനുള്ളവനാണ്. അവൻ തന്റെ ദാസരോടു സംസാരിക്കുന്നു. അടയാളങ്ങൾ കാണിക്കുന്നു. ലോകം ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. സ്വന്തം തെറ്റുകളുടെ ആക്ഷേപങ്ങൾ ദൈവത്തിന്റേയും മതത്തിന്റേയും തലയിൽ കെട്ടിവെക്കാതിരിക്കുക. അവനവന്റെ കഴുത്തിലേക്ക് നോക്കുക. ഇതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു ലോകത്തിന് കഴിവ് നല്കുമാറാകട്ടെ.

സമ്മേളനത്തിൽ പങ്കെടുത്തവരുടെ അനുഭവങ്ങളും അഭിപ്രായങ്ങളും ഹുദൂർ പറയുകയുണ്ടായി. യൂറോപ്യൻ കൗൺസിലിന്റെ ഫോർ റിലീജ്യസ് ലീഡേർസിന്റെ ജനറൽ സെക്രട്ടറിയാണ് സ്റ്റീൻ വില്യം സ്റ്റഡ് (Stein Villumstad) അദ്ദേഹം പറഞ്ഞു: "ഇങ്ങനെ എല്ലാവരും ഒന്നു ചേർന്നിരിക്കലും വിവിധ മതങ്ങൾ വിശ്വസിക്കുന്നവരുടെ കാര്യങ്ങൾ പരസ്പരം ഉത്സാഹത്തോടെ കേൾക്കലും നമ്മളെല്ലാം സമാധാന കാംക്ഷികളാണെന്ന് പറയലും ഒരു വൻവിജയമാണ്."

ഇംഗ്ലണ്ടിലെ ഗ്രീനാഡിലെ ഹൈകമ്മീഷ്ണർ (HE Joselyn Whiteman) ജോസ്ലിൻ വൈറ്റ്മാൻപറയുന്നു: ഇത് വമ്പിച്ചൊരു പരിപാടിയായിരുന്നു. ഇത്ര മാത്രം മതങ്ങൾക്ക് ഒരേയൊരു തട്ടിനു കീഴെ സംഘടിക്കാൻ കഴിയുമെന്നുള്ള ഈ ചിന്ത നമ്മുടെ വിശ്വസങ്ങൾക്ക് വർധനവുണ്ടാക്കാൻ കാരണമാകുന്നു. ഇതുകൊണ്ടുള്ള മറ്റൊരു നേട്ടം ഇന്ന് ലോകം നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ജനങ്ങളെ എങ്ങനെ സംഘടിപ്പിക്കാൻ കഴിയുമെന്ന് ഒരു ധാരണ നമുക്കുണ്ടാകുന്നു എന്നതാണ്."

ലണ്ടനിലെ മെട്രോപോളിറ്റൻ പോലീസിന്റെ കമാന്ററാണ് മാക് ചിശ്തി(Mak Chishthy) അദ്ദേഹം പറയുന്നു: "ഇന്ന് ഇവിടെ നടന്ന പരിപാടിയിൽ എല്ലാവരും അവരവരുടെ മതങ്ങളുടെ നന്മകളാണ് പറഞ്ഞത്. ആരും ആരേയും വിമർശിച്ചില്ല. ഇത് ഈ പരിപാടിയിലെ നല്ലൊരു കാര്യമായി എനിക്കു തോന്നി. ഇക്കാര്യമാണ് നമ്മളിൽ ഐക്യത്തിന്റേയും രഞ്ജിപ്പിന്റേയും ബോധമുണ്ടാക്കുന്നത്."

ഇക്കാര്യം നടപ്പാക്കാനാണ് അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) രാജ്ഞിയ്ക്കെഴുതിയത്. ഇങ്ങനെ തന്നെയാണ് വേണ്ടതും.

യൂറോപ്യൻ പാർലമെന്റിലെ ലണ്ടൻ പ്രതിനിധിയാണ് ( Dr. Charles Tannock MEP) ഡോക്ടർ ചാൾസ് ടന്നോക് എം ഇ പി. അദ്ദേഹം പറയുന്നു: "ഭാവിയിൽ ഈ വഴി സ്വായത്തമാക്കാതെ ഒരു രക്ഷയുമില്ല. നമ്മളെല്ലാം ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. മതത്തിന്റെ പേരിൽ പരസ്പരം കലഹിക്കാൻ ദൈവം ഒരിത്തലും ആഗ്രഹിക്കുന്നില്ലെന്ന് നാം വിശ്വസിക്കുന്നു. അതുകൊണ്ട് ഞാൻ സമാധാനത്തിന്റെ ഈ സന്ദേശത്തെ ശക്തമായി പിന്താങ്ങുന്നു. അഹ്മദികളെ സംബന്ധിച്ചിടത്തോളം ഞാൻ ബഹുമാനാർഹമായി കാണുന്ന കാര്യം അവരുടെ അധ്യാപനങ്ങളുടെ കേന്ദ്രം "എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതാണ്. ഇത് ഒരു സാർവലൗകിക സന്ദേശമാണെന്ന് ഞാൻ വിശ്വസിക്കുന്നു. വിവിധ മതക്കാർക്ക് എത്രത്തോളം ഒന്നിച്ചിരിക്കാൻ സാധിക്കുമോ അത്രമാത്രം അവർക്കത് ഗുണകരമാണ്."

ഇംഗ്ലണ്ട് പാർലമെന്റിന്റെ, ആൾപാർട്ടി പാർലമെന്ററി ഗ്രൂപ്പ് (APP) ഓൺ ഇന്റർനാഷണൽ ഫ്രീഡം ഓഫ് റിജീലിയൺസിന്റെ ചെയർപേഴ്സൺ (Baroness Berridge)ബാരോനസ്സ് ബെറിഡ്ജ് പറയുന്നു:"എനിക്ക് ആൾപാർട്ടി ഗ്രൂപ്പിന്റെ മത സ്വാതന്ത്ര്യത്തിന്റെ ചെയർപേഴ്സൺ ആണെന്ന ബഹുമതിയുണ്ട്. അഹ്മദിയ്യ കമ്മ്യൂണിറ്റി എങ്ങനെയാണ് മറ്റുള്ളവരുടെ ഉയർച്ചയ്ക്കും നന്മയ്ക്കും വേണ്ടി സേവനം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് എനിക്കറിയാം. ഇക്കാര്യം അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം പ്രസംഗത്തിൽ പറയുകയുണ്ടായി. നമുക്ക് വളരെ സന്തോഷമുണ്ട്. നമ്മൾ അഹ്മദിയ്യ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കുന്നു. അഹ്മദികൾക്ക് ഈ രാജ്യത്ത് പൂർണ സ്വാതന്ത്ര്യമുണ്ട് എന്ന കാര്യത്തിലും നമുക്ക് സന്തോഷമുണ്ട്.

കേകാർട്ടർ(Kay Carter) അദ്ദേഹം ഇംഗ്ലണ്ട് പാർലമെന്റിന്റെ ആൾപാർട്ടി പാർലമെന്ററി ഗ്രൂപ്പ് (APP) ഓൺ ഇന്റർനാഷണൽ ഫ്രീഡം ഓഫ് റിലീജ്യൺസിന്റെ മെമ്പറാണ്, പറയുന്നു: "എല്ലാ മതങ്ങളിലും അടിസ്ഥാനപരമായ കാര്യം ഒന്നു മാത്രമാണെന്ന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം പറഞ്ഞു. അതായത് സ്നേഹം, സഹിഷ്ണുത, ശാന്തി. വാസ്തവത്തിൽ മാധ്യമങ്ങളാണ് മതത്തെ കലാപ വസ്തുവായി അവതരിപ്പിച്ച് മനുഷ്യനെ പരസ്പരം തമ്മിലടിപ്പിക്കുന്നത്. ഇന്ന് ഈ സദസ്സിൽ, മതങ്ങളുടെ യാഥാർഥ്യം മാധ്യമങ്ങളുടെ അഭിപ്രായത്തിന് കടകവിരുദ്ധമാണെന്ന് നാം കണ്ടു."

ഈ ചീഫിന്റെ മറ്റൊരു കത്തും ഒരു സന്ദേശമായിരുന്നു. അതായത് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം, അത് ശാന്തിയെകുറിച്ചും പരസ്പരം മനസ്സിലാക്കുന്നതിനെക്കുറിച്ചുമാണ്. അതുപോലെ തന്നെ ലോകത്തുള്ള സകല മതങ്ങളും പരസ്പരം അഭിപ്രായ വിനിമയങ്ങൾ നടത്തേണ്ടതാണ്. കാരണം നമ്മളെല്ലാം ആദമിന്റെ മക്കളാണ്. ദൈവത്തിന്റെ സൃഷ്ടികളാണ്. നമ്മൾ പരസ്പരം നമ്മുടെ വികാരങ്ങളെ ആദരിക്കണം. സമാധാനത്തോടെ ഒത്തൊരുമിച്ച്

കഴിയണം. കലഹിച്ചും ഭിന്നിച്ചും കഴിയാൻ പാടില്ല. എന്നല്ല, എത്രയും വേഗം സാധിക്കുമോ നമ്മൾ സമാധാനത്തിനായി ശ്രമിക്കേണ്ടതാണ്."

ഇതദ്ദേഹം തന്റെ ഇസ്റായേലി ഭരണത്തോടും പറയേണ്ടതാണ്. ആദ്യം ഞാൻ പറഞ്ഞിട്ടുള്ള കാര്യമാണിത്.

കൗൺസിലറായ സൺതോഖ് സിംഗ് സാഹിബ് പറയുന്നു: "ഞാൻ ധരിക്കുന്നത്, അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം നമുക്ക് മനസ്സിലാക്കിത്തരുന്നത് എല്ലാ മതങ്ങളിലും ഒരുപാട് അധ്യാപനങ്ങൾ സംയുക്തമായിട്ടുള്ളതാണെന്നാണ്. എല്ലാ മതങ്ങളും നമ്മെ മനുഷ്യത്വം പഠിപ്പിക്കുന്നു. നമ്മൾ എല്ലാവരും ഒന്നുചേർന്ന് പ്രവർത്തിക്കേണ്ടതാണ്. പരസ്പരം ക്ഷേമത്തിനായി ശ്രമിക്കേണ്ടതാണ്."

നോർവേയിലെ അദ്ദേഹത്തിന്റെ ഒരു രാഷ്ട്രീയ പാർട്ടിയാണ് (Billy Tranger Christian Republic) ബില്ലി ട്രാംഗർ ക്രിസ്ത്യൻ റിപ്പബ്ലിക്. അദ്ദേഹം പറയുന്നു: "അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ഇമാം തന്റെ പ്രസംഗത്തിന്റെ അവസാനം ഒരു വലിയ സന്ദേശം നല്കുകയുണ്ടായി. നമ്മൾ എല്ലാവരും ചേർന്ന് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്. ഞാൻ മനസ്സിലാക്കുന്നത് ഇതാണ് ഇന്ന് ലോകത്തിന് ഏറ്റവും കൂടുതൽ ആവശ്യമെന്നാണ്. നോർവേയിലും നമുക്ക് ഇതിന്റെ ഒരുപാട് ആവശ്യമുണ്ട്."

ആംസ്റ്റർഡം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡാക്ടർ ടി സുനീർ പറയുന്നു:"ഇസ്‌ലാമും ഖുർആനികാധ്യാപനങ്ങളും ഭീകരപ്രവർത്തനത്തിനു പകരം സമാധാന സ്ഥാപനത്തിനാണ് ഊന്നൽ നല്കുന്നതെന്ന് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം വ്യക്തമായ വാക്കുകളിൽ സ്ഥാപിക്കുകയുണ്ടായി."

ഗ്രീക് ഓർത്തഡോക്സ് പാട്രിയാർക്ക് ഓഫ് ആന്റിയോകു (Greek OrthodoxPatriarch of Antioch) മായി ബന്ധം വെക്കുന്ന ഫാദർ എത്യൂൽവിൻ (Father Ethelwine)പറഞ്ഞു: "ഞാൻ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ജമാഅത്തിന്റെ ഇമാമിന്റെ വ്യക്തിത്വത്തേയും അദ്ദേഹത്തിന്റെ സന്ദേശത്തേയും ഹൃദയംഗമമായി പ്രശംസിക്കുന്നു. എന്നെത്തേയും പോലെ ഈ സമ്മേളനത്തിന്റെ ഏറ്റവും മികച്ച പ്രസംഗവും ഖലീഫയുടേതായിരുന്നു. തീർച്ചയായും വിവിധ മതങ്ങളുമായി ബന്ധം വെക്കുന്ന ആളുകളെ സംഘടിപ്പിക്കുകയും അവരിൽനിന്ന് അവരുടെ മതങ്ങളുടെ കാര്യങ്ങൾ കേൾക്കുകയും ചെയ്യുക എന്നത് ധൈര്യത്തോടെയുള്ള ചുവടു വെപ്പാണ്. ഇതൊരു വമ്പിച്ച വിജയമാണ്."

ഐയർലന്റിൽ നിന്ന് ഒരു സാഹിബ് വന്നിരുന്നു. അദ്ദേഹം പറഞ്ഞു, "ഞാൻ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഇവിടെ നിന്നു കിട്ടിയ സന്ദേശം എന്നെ പിടിച്ചുകുലുക്കിക്കളഞ്ഞിരിക്കുകയാണ്. ഞാൻ അഹ് മദികളോടു പറയുന്നു,' ഇക്കാലത്ത് ലോകത്ത് പരസ്യം കൂടാതെ നമ്മുടെ സന്ദേശം എത്തിക്കാൻ പ്രയാസമാണ്. ജമാഅത്ത് അഹ്മദിയ്യ നല്ല പ്രവർത്തനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളുടെ പരസ്യം നല്ല നിലയിൽ കൊടുക്കുകയാണെങ്കിൽ അതെനിക്ക് ഏറെ സന്തോഷമായിരിക്കും. കാരണം നിങ്ങൾ ഒരുപിടിയാളുകളെ ഉള്ളൂവെന്നാണ് ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്."

യൂറേപ്യൻ കൗൺസിൽ ഓഫ് റിലീജ്യസ് ലീഡേഴ്സുമായി ബന്ധമുള്ള ആളാണ് ജഹാംഗീർ സാറോ സാഹിബ്. അദ്ദേഹം പറയുന്നു: " ഞാൻ സർതശ്തി വിശ്വാസക്കാരനാണ്. എന്നെ ഈ പരിപാടി വല്ലാതെ ആകർഷിച്ചിരിക്കുന്നു. എല്ലാ പ്രസംഗകരും നല്ല പ്രസംഗങ്ങളാണ് നടത്തിയത്. അവസാനം ജമാഅത്തിന്റെ ഇമാം ചെയ്ത പ്രസംഗം എല്ലാംകൊണ്ടും പൂർണമായിരുന്നു."

മതവിജ്ഞാനത്തിന്റെ ഉസ്താദ് റാബൽ ഹസ്സി പറയുന്നു: "ഇത്ര മാത്രം ആത്മീയത തുളുമ്പുന്നതായിരിക്കും ഈ പരിപാടിയെന്ന് ഞാൻ കരുതിയിരുന്നില്ല. ഞാൻ ഒരുപാട് മതങ്ങളുടെ സന്ദേശങ്ങൾ കേട്ടു. ഞാൻ വീട്ടിൽ പോയി തീർച്ചയായും ഇതിനെക്കുറിച്ച് ചിന്തിക്കുന്നതാണ്. അഹ്മദിയ്യ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗത്തിന്റെ മൂലവാക്യങ്ങൾ എത്രയും വേഗം പ്രസിദ്ധീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്."

Canon Dr. Cane (കാനൺ ഡാക്ടർ കെയിൻ) അദ്ദേഹവും ഏതോ കത്തീഡ്രിലുമായി ബന്ധം വയ്ക്കുന്നയാളാണ്. പറയുന്നു:"കുറച്ചുകാലം മുമ്പേ ജനങ്ങൾ കരുതിയിരുന്നത് തങ്ങൾക്ക് മതത്തിന്റെ ആവശ്യമില്ലെന്നായിരുന്നു. ഇത്തരം എല്ലാ ചിന്തകളും അടിമുടി അടിസ്ഥാന രഹിതമാണെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞു."

ബൽജിയം യൂണിവേഴ്സിറ്റിയിലെ അൻവർപൺ, ഡാക്ടർ ലൈഡിയ ( Anwerpen, Dr. Lydia) എന്നിവർ പറഞ്ഞു: (ഇവർ രണ്ടുപേരും സമ്മേളത്തിൽ പങ്കെടുത്ത ഡോക്ടർമാരും പ്രൊഫസർമാരുമാണ്) "ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും യഥാർഥ അധ്യാപനങ്ങളെ കുറിച്ച് അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം ചെയ്ത പ്രസംഗം ഞങ്ങളെ ഹഠാദാകർഷിച്ചു. പ്രസംഗം കേട്ടതിന് ശേഷം ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത് ഞങ്ങളുടെ യൂണിവേഴ്സിറ്റിയിലെ എല്ലാ വിദ്യാർഥികൾക്കും വിശുദ്ധ ഖുർആനിന്റെ **ഫ്ലീമിശ്** തർജമ കൊടുക്കണമെന്നാണ്. അവർ ഖുർആൻ വായിച്ച് ഇസ്‌ലാമിന്റെ യഥാർഥ സത്യങ്ങൾ തിരിച്ചറിയട്ടെ."

തിരിച്ചുപോയപ്പോൾ അവർക്ക് തർജമ കൊടുത്തു. അവർ യൂണിവേഴ്സിറ്റിയിൽ അത് വിതരണം ചെയ്തു വരുന്നു. ഇതു മുഖേന അല്ലാഹുവിന്റെ അനുഗ്രഹത്താൽ തബ് ലീഗിന്റെ കൂടുതൽ വഴികൾ തുറന്നു.

സാന്തിയാഗൊ കതാല റുബിയോ(SantiagoCatala Rubio) സാഹിബ് സ്പെയ്നിൽനിന്ന് വന്നതാണ്. മേഡ്രഡ് യൂണിവേഴ്സിറ്റിയിലെ റിലിജ്യസ് പ്രൊഫസറാണ്. ധാരാളം ഗ്രന്ഥങ്ങളുടെ രചിയിതാവാണ്. അദ്ദേഹത്തിന് ജമാഅത്തിനോട് അടുത്ത ബന്ധമാണുള്ളത്. 2012 ൽ യൂറോപ്യൻ പാർലമെന്റിലെ പരിപാടിയിലും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "ഈ സർവമത സമ്മേളനത്തെ സംബന്ധിച്ച് എന്റെ അഭിപ്രായങ്ങളും വികാരങ്ങളും പറയാൻ തുടങ്ങിയാൽ, ഈ സമ്മേളനത്തിന്റെ പ്രാധാന്യവും അഹ് മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ മഹിമയും വിവരിക്കാൻ തുടങ്ങിയാൽ അതിന് ധാരാളം പേജുകൾ വേണ്ടിവരും. ലോകചരിത്രത്തിൽ വിവിധ മതങ്ങൾ ഇന്ന് സംഘർഷത്തിന് കാരണമായിക്കൊണ്ടിരിക്കുന്നു. ഇന്നും വിവിധ സംസ്കാരങ്ങൾ, പൗരസ്ത്യരും പാശ്ചാത്യരും, ഇസ്‌ലാമും ക്രിസ്തുമതവും, വികസിത

രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിൽ ഭിന്നത നില നില്പുണ്ട്. ഈ ഭിന്നതകൾ, വെറുപ്പിലും വിദ്വേഷത്തിലും വർധനവുണ്ടാക്കാൻ വീശിയടിക്കുന്നകാറ്റ് എന്ന നിലയിൽ അവതരിപ്പിക്കപ്പെടാവുന്നതാണ്. പക്ഷേ, അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' മതങ്ങളുടെ സംഗ്രഹമാണ്. ഈ മുദ്രാവാക്യം ലോകത്തെ എല്ലാ മതങ്ങളേയും എല്ലാ ജനങ്ങളേയും അവരുടെ വിശ്വാസാദർശങ്ങൾക്കും അവസ്ഥകൾക്കും ചിന്തകൾക്കുമതീതമായി ഒന്നിപ്പിക്കുന്നു. മുസ്‌ലിംകളിലെ ഒരു പ്രത്യേക വിഭാഗം കലാപങ്ങൾ, വെറുപ്പ്, അക്രമം, എന്നിവ കൊണ്ട് തങ്ങളുടേയും മറ്റുള്ളവരുടേയും ജീവിതത്തെ ദുരിതപൂർണമാക്കുകയും എന്നല്ല സ്വന്തം ആളുകളുടെ മേൽ നിർദാഷിണ്യം ആക്രമണം നടത്താൻ ഒത്താശ ചെയ്തു കൊടുക്കുകയും ചെയ്യുന്ന ഇക്കാലത്ത്, സമാധാന ശ്രമത്തിനുള്ള അഹ്മദിയ്യ ജമാഅത്തിന്റെ പങ്ക് അങ്ങേയറ്റം പ്രാധാന്യം വഹിക്കുന്നതാണ്. അതുകൊണ്ട് ഇത്തരം പരിപാടികൾക്ക് സർവലോകാടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കേണ്ടതുണ്ട്."

Miguel Garcia (മീഗൽ ഗാർശിയ) ഇദ്ദേഹവും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹം മേയറുമായിരുന്നു. ഇദ്ദേഹം തന്റെ കാലത്ത് ചർച്ചിന്റെ എതിർപ് വകവെക്കാതെ 1980ൽ മസ്ജിദ് ബിശാറത്ത് നിർമിക്കാൻ നമുക്ക് അനുവാദം തന്ന വ്യക്തിയാണ്. മസ്ജിദ് ബിശാറത്തിന്റെ ഉത്ഘാടന വേളയിൽ ഖലീഫത്തുൽ മസീഹ് റാബിഅ് കലിമ എഴുതിയ ഒരു ഫ്രെം ഉപഹാരമായി നല്കിയിരുന്നു. അതദ്ദേഹം തന്റെ ഓഫീസിൽ ബഹുമാനത്തോടെ തൂക്കിയിട്ടുണ്ട്. ജമാഅത്തുമായി ഇദ്ദേഹത്തിന് വളരെ അടുത്ത ബന്ധമാണുള്ളത്. അദ്ദേഹം പറയുന്നു: "അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ഐക്യവും സമാധാവും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യാൻ, വിവിധമതങ്ങളുമായി ബന്ധപ്പെട്ടവരേയും പാർലമെന്റംഗങ്ങളേയും രാഷ്ട്രീയ നേതാക്കളേയും അഭ്യസ്തവിദ്യരേയും മനുഷ്യാവകാശ പ്രവർത്തകരേയും ലണ്ടനിൽ ഒരുമിച്ചു കൂട്ടിയിരിക്കുകയാണ്. ഇതു അങ്ങേയറ്റം പോസിറ്റീവായിട്ടുള്ള കാല്വയ്പാണ്. ഈ പരിപാടി സംഘടിപ്പിച്ചതിന് ഞാൻ അഹ്മദിയ്യ ജമാഅത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു. ഈ ജമാഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിജയിക്കണമെന്നാണ് എന്റെ ആഗ്രഹം. എനിക്ക് അഹ്മദിയ്യ ജമാഅത്തിന്റെ മൂന്നാമത്തെ ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബിനെ 1981 ൽ ബിശാറത്ത് പള്ളിയുടെ ശിലാകർമപരിപാടിയിൽ വച്ച് കാണാനുള്ള ഭാഗ്യം കിട്ടിയിട്ടുണ്ട്. അതിനുശേഷം നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബിനെ 1982 ൽ അതേ പള്ളിയുടെ ഉത്ഘാടന പരിപാടിയിൽവച്ച് കാണാനുള്ള ഭാഗ്യം കിട്ടി. ഇപ്പോൾ ഈ സമ്മേളനത്തിലൂടെ അഹ്മദിയ്യ ജമാഅത്തിന്റെ അഞ്ചാം ഖലീഫയേയും കാണാൻ ഭാഗ്യമുണ്ടായി. ഞാൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ വാക്കുകൾ കേട്ട് കൂടുതൽ സുരക്ഷിതനായിരിക്കുന്നു. അദ്ദേഹം യുദ്ധവും കലാപവുമില്ലാത്ത ഒരു സമാധാനപരമായ സമൂഹത്തെ സംബന്ധിച്ച് സംസാരിച്ചിരിക്കുകയാണ്. പ്രതിരോധത്തിന്റെ പേരിൽ ആയുധത്തിന് മനുഷ്യത്വത്തിന്റേമേൽ മുൻഗണനകൊടുക്കുന്ന ഭരണകൂടങ്ങളെ അദ്ദേഹം അപലപിച്ചിരിക്കുന്നു. മിർസാ മസ്റൂർ അഹ്മദ് സാഹിബ് നീതിയലും പരസ്പരമുള്ള ബഹുമാനത്തിലും ആദരവിലും അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ സംസ്ഥാപനത്തിനായി വിവിധ മതാനുയായികളെ ഒരു സ്ഥലത്ത് ഒരുമിച്ചു കൂടാൻ ക്ഷണിച്ചതിൽ എനിക്കതിയായ സന്തോഷമുണ്ട്

വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു ലോകത്താണ് നാം വസിക്കുന്നത്. ചില രാജ്യങ്ങൾ അഭിവൃദ്ധിയുടെ ഉച്ചിയിലെത്തിയിക്കുന്നു. എന്നാൽ, ജനങ്ങളുടെ വലിയൊരു വിഭാഗം പട്ടിണിയും കഷ്ടപ്പാടും കൊണ്ട് മരിച്ചു കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് നാം ലക്ഷക്കണക്കിന് ടൺ ഭക്ഷ്യധാന്യങ്ങൾ കടലിൽ കൊണ്ട് തള്ളുന്നു. മറുഭാഗത്ത് കോടിക്കണക്കിനാളുകൾക്ക് വളരെ കഷ്ടിച്ചാണ് ലഭിക്കുന്നത്. ഒരു ഭാഗത്ത് കോടിപതികൾ വർധിക്കുന്നു. മറ്റു സമൂഹങ്ങളിലെ ചില വിഭാഗം അങ്ങേയറ്റം ദാരിദ്ര്യത്തിൽ അകപ്പെട്ടു കഴിയുന്നു.

യുദ്ധം ഉപേക്ഷിക്കുകയും സമാധാനം ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു ലോകമാണ് ഇന്നിന്റെ ആവശ്യം; എല്ലാവരേയും ഒപ്പം കൊണ്ടുപോകുന്ന സംയുക്ത സമൂഹം. അനീതിക്കെതിരെ പൊരുതുകയും നീതിയെ വിശാലമാക്കുകയും ചെയ്യുന്ന സമൂഹം.

ചില അവലോകനങ്ങളാണ് ഞാൻ നടത്തിയത്. ലോകം അതിന്റെ സ്രഷ്ടാവിലേക്ക് മടങ്ങുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അവനെ തിരിച്ചറിയുന്നവരാകട്ടെ. ദൈവത്തെ തിരിച്ചറിയാൻ കഴിയുന്ന ജനങ്ങൾക്കാണ് സമൂഹത്തിൽ നിലനില്ക്കുന്ന നാശങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ സംബന്ധിച്ച് നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഒരുപാട് സ്ഥലങ്ങളിൽ അതു കാണാം. പാക്കിസ്ഥാനിലെ അവസ്ഥകളെ ക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുന്നു. അല്ലാഹു ഭീകരവാദികളിൽനിന്ന് ആ രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. സമാധാനമാഗ്രഹിക്കുന്ന എല്ലാവരേയും അല്ലാഹു കാത്തു രക്ഷിക്കുമാറാകട്ടെ. ഇപ്രകാരം തന്നെ സിറിയ്ക്കു വേണ്ടിയും പ്രാർഥിക്കുക. അല്ലാഹു അവിടേയും അഹ്മദികളെ കാക്കട്ടെ. കഴിഞ്ഞ ദിവസം അനാവശ്യമായി ഒരു അഹ്മദിയെ അറസ്റ്റു ചെയ്തു. അല്ലാഹു സകല അഹ്മദികളേയും സംരക്ഷിക്കുമാറാകട്ടെ. പൊതുവെ ലോകത്തിനുവേണ്ടി പ്രാർഥിക്കുക. ഇന്നത്തെ അവസ്ഥ കാണുമ്പോൾ ധിറുതിയിൽ യുദ്ധത്തിലേക്ക് നീങ്ങുന്നതായിട്ടാണ് കാണുന്നത്. ചില വലിയ ഭരണകൂടങ്ങൾക്ക് യുദ്ധമുണ്ടായാൽ ഉണ്ടാകാൻ പോകുന്ന നാശങ്ങളെക്കുറിച്ച് അറിയല്ല. ലോകം തികച്ചും നാശത്തിന്റെ വക്കിൽ നില്ക്കുകയാണ്. അവർക്കു വേണ്ടി കൂടുതൽ പ്രാർഥിക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London –on 07.03.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To